**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1289** **11-09-2023 - ൽ മറുപടിയ്ക്ക്**

**കായപ്പനച്ചി-കുന്നംചിര-എടച്ചേരി (പുതിയങ്ങാടി) റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ കിഫ്ബി മുഖാന്തിരം അനുവദിച്ച കായപ്പനച്ചി- കുന്നംചിര- എടച്ചേരി (പുതിയങ്ങാടി) റോഡ് പ്രവൃത്തിക്കായി നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ കായപനച്ചി ചുണ്ടയിൽ പുതിയങ്ങാടി റോഡ് പ്രവൃത്തിക്ക് 10.07.2017 തിയ്യതിയിൽ 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.12/02/2021 തീയ്യതിയിൽ ഭരണാനുമതി റീവാലിഡേറ്റ് ചെയ്തിട്ടുണ്ട്. 16.04.2022തീയതിയിലെ ഉത്തരവ് പ്രകാരം പ്രസ്തുത പ്രവർത്തി കായപനച്ചി കുന്നംചിറ എടച്ചേരി(പുതിയങ്ങാടി) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിലേയ്ക്കായി മണ്ണുപരിശോധന റിപ്പോർട്ട് പൊതുമരാമത്തു വകുപ്പ്ഡിസൈൻ വിഭാഗത്തിന് നൽകിയിരുന്നു. കൂടുതൽ വിശദാംശങ്ങൾ ആവശ്യപെട്ടു 06.05.2023 തീയതിയിൽ ഡിസൈൻ വിഭാഗത്തിൽ നിന്നും നിർദേശം ലഭിച്ചതനുസരിച്ചു പ്രസ്തുത വിവരങ്ങൾ RIQCL മുഖേന ലഭ്യമാക്കി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് എന്നത്തേക്ക് ഭരണാനുമതി നൽകുമെന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്ക് 10/07/2017-ൽ സ.ഉ(സാധാ)നം.942/2017/ പൊ.മ.വ ഉത്തരവ് പ്രകാരം 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.12/02/2021 തീയ്യതിയിൽ ഭരണാനുമതി ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ